**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1631** **28-07-2021 - ൽ മറുപടിയ്ക്ക്**

**ഭക്ഷ്യ പൊതുവിതരണ മേഖലയിലെ പുതിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | Shri G R Anil<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ഭക്ഷ്യ പൊതുവിതരണ മേഖല മെച്ചപ്പെടുത്തുന്നതിനും കാര്യക്ഷമതയുള്ളതാക്കുന്നതിനുമായി എന്തെല്ലാം പുതിയ പദ്ധതികളാണ് ആസൂത്രണം ചെയ്യുന്നതെന്ന് വിശദമാക്കാമോ? | (എ) | 2021-2022 സാമ്പത്തിക വർഷത്തിൽ പൊതുവിതരണ വകുപ്പ് നടപ്പാക്കുവാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികളെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. 1) സംസ്ഥാനത്ത് മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തുവാനുള്ള അപേക്ഷ സ്വീകരിക്കുന്നത് ഉൾപ്പെടെയുള്ള എല്ലാ നടപടിക്രമങ്ങളും ഓൺലൈൻ മുഖാന്തിരമാക്കുന്നതാണ്. 2) സംസ്ഥാനത്തെ വനപ്രദേശങ്ങളിൽ ഒറ്റപ്പെട്ടുള്ളതും കുന്നിൻമുകളിലും താമസിക്കുന്ന ആദിവാസി കുടുംബങ്ങൾക്ക് റേഷൻ സാധനങ്ങൾ നേരിട്ട് എത്തിക്കുന്ന പദ്ധതിയായ സഞ്ചരിക്കുന്ന റേഷൻ കട പദ്ധതി നടപ്പിലാക്കി വരുന്നു. ടി പദ്ധതി വിപുലീകരിക്കുന്നതാണ്. 3) വിശപ്പ് രഹിത കേരളം-സുഭിക്ഷ പദ്ധതി പ്രകാരം സംസ്ഥാനത്തെ എല്ലാ ജില്ലകളിലും കൂടുതൽ സുഭിക്ഷ ഹോട്ടലുകൾ ആരംഭിക്കുന്നതാണ്. 4) ഉപഭോക്തൃ ഉൽപ്പന്നങ്ങൾ നൽകുന്ന ഏജൻസികളെയും ഉപഭോക്തൃ സേവനങ്ങൾ നൽകുന്ന സർക്കാർ/ സർക്കാരിതര ഓർഗനൈസേഷനുകളുടെയും റേറ്റിംഗിനും ഗ്രേഡിംഗിനുമായി ഒരു സംവിധാനം ഏർപ്പെടുത്തുന്നതാണ്. 5) കോവിഡിന്റെ സാഹചര്യത്തിൽ വിവിധ വകുപ്പുകളുടെ സഹകരണത്തോടെ സ്ക്വാഡ് രൂപീകരിച്ച് പി.പി.ഇ കിറ്റ്, സാനിട്ടൈസർ, മാസ്ക് എന്നിവയുടെ പൂഴ്ത്തിവെയ്പ്പും അമിതവിലയും തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. സപ്ലൈകോയുടെ സേവനങ്ങൾ കാര്യക്ഷമമാക്കുന്നതിനും കൂടുതൽ ജനങ്ങൾക്ക് ഉപകാരപ്രദമാക്കണമെന്ന ലക്ഷ്യം മുൻ നിർത്തിയും വിപണന സാദ്ധ്യതയുള്ള പ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന വിൽപ്പന ശാലകൾ പ്ലാൻഫണ്ട് ഉപയോഗപ്പെടുത്തി ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് നവീകരിക്കുന്ന പ്രവർത്തികൾ നടന്നുവരുന്നുണ്ട്. നിലവിലെ മാവേലി സ്റ്റോറുകൾ |

| | | | |
|---|---|---|---|
| | | | സ്ഥല ലഭ്യതയനുസരിച്ചോ/ കൂടുതൽ സ്ഥലം ലഭ്യമാക്കിയോ മാവേലി സൂപ്പർ സ്റ്റോറുകളായും സൂപ്പർ മാർക്കറ്റുകളായും വിപുലീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. അതിൻ പ്രകാരം 2020-21 സാമ്പത്തിക വർഷത്തിൽ 93 വിൽപ്പനശാലകളുടെ നവീകരണം പൂർത്തിയാക്കിയിട്ടുണ്ട്. അതോടൊപ്പം കുറഞ്ഞത് 700 ച.അടി വിസ്തീർണ്ണമുള്ള അനുയോജ്യമായ കെട്ടിട സൗകര്യം വാടക രഹിതമായോ/ വാടകയിളവിലോ ലഭ്യമാകുന്ന പ്രദേശങ്ങളിൽ വിപണന സാദ്ധ്യത മുൻനിർത്തി വിശദമായ സാദ്ധ്യതാ പഠനത്തിന്റെയും ജീവനക്കാരുടെ ലഭ്യതയുടെയും അടിസ്ഥാനത്തിൽ പുതിയ മാവേലി സൂപ്പർ സ്റ്റോറുകളും സ്ഥല സൗകര്യത്തിന്റെ ലഭ്യതയനുസരിച്ച് പുതിയ സൂപ്പർ മാർക്കറ്റുകളും ആരംഭിക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. അതോടൊപ്പം നിലവിലെ മാറിയ സാഹചര്യത്തിൽ സാധനങ്ങൾ ഉപഭോക്താ-ക്കളുടെ വീടുകളിൽ നേരിട്ടെത്തിക്കുന്നതിനായി സപ്ലൈകോ ഓൺലൈൻ സേവനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പ്രാദേശികമായി ലഭ്യമായ വിവിധ ഏജൻസികൾ/കുടുംബശ്രീ എന്നിവ മുഖേന നിലവിൽ ആയത് നടപ്പിലാക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ